"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 463/2009 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2677/2025/LSGD** | **തീയതി, തിരുവനന്തപുരം, 05-11-2025**

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 10/08/2023 തീയതിയിലെ എ3/1491/2009/ടിഡിഎ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23/04/2025 തീയതിയിലെ കെ10-17849/13 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 1820/2025/ത.സ്വ.ഭ.വ, തീയതി, 23/07/2025.
4. സ.ഉ.(സാധാ) നം. 6705/2025/ധന, തീയതി 16/08/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 463/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 93,946/- രൂപയും ടി കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 10,86,044/- രൂപ റിക്കൂപ്പ് ചെയ്യുന്നതിനുമായി ആകെ 11,79,990/- (പതിനൊന്ന് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1), (2) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 463/2009 നമ്പർ കേസിൽ റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 10,86,044/- രൂപ റിക്കൂപ്പ് ചെയ്യുന്നതിനും ടി കേസിലെ ബാലൻസ് തുകയായ 93,946/- രൂപ അനുവദിക്കുന്നതിനുമായി ആകെ 11,79,990/- (പതിനൊന്ന് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 93,946/- രൂപ അനുവദിക്കുന്നതിനായി '4217-60-800-93-Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 94,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും

ചെയ്തിട്ടുണ്ട്.

3) കൂടാതെ, പരാമർശം (3) ഭരണാനുമതി ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിന്റെ '2075-00-800-05' എന്ന ശീർഷകത്തിലേയ്ക്ക് റീക്ലപ്പ് ചെയ്യുന്നതിന് അനുമതി നൽകിയിരുന്ന എൽ.എ.ആർ. 463/2009 നമ്പർ കേസിലെയും അപ്രകാരം ഭരണാനുമതി നൽകിയിരുന്ന മറ്റ് സമാന എൽ.എ.ആർ. കേസുകളിലെയും തുകകൾ റീക്ലപ്പ് ചെയ്യുന്നതിനായി 2025-2026 വർഷത്തേയ്ക്കുള്ള ആദ്യ ഉപധനാഭ്യർത്ഥന പ്രകാരം 2,53,00,000/- (രണ്ട് കോടി അമ്പത്തിമൂന്ന് ലക്ഷം രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

4) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ, തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 463/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 10,86,044/- രൂപ (പത്ത് ലക്ഷത്തി എൺപ്പത്തിയാറായിരത്തി നാല്പത്തിനാല് രൂപ മാത്രം) 2075-00-800-05 എന്ന ശീർഷകത്തിലേക്ക് റീക്ലപ്പ് ചെയ്യുന്നതിനും ടി കേസിലെ 31/07/2025 വരെയുള്ള ബാലൻസ് തുകയായ 93,946/- രൂപ തൊണ്ണൂറ്റി മൂന്നായിരത്തി തൊള്ളായിരത്തി നാല്പത്തിയാറ് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. കെ. നടരാജന് അനുവദിക്കുന്നതിനുമായി ആകെ 11,79,990/- രൂപ (പതിനൊന്ന് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5) പരാമർശം (4) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (No.WCD-3/219/2025-Fin).

റവന്യൂ (ബി) വകുപ്പ് *[സ.ഉ.(സാധാ) നം.4512/2015/റവ തീ.24/08/2015]*

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,

ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.ഇ1/377/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 06-11-2025 15:05:37

സെക്ഷൻ ഓഫീസർ